**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2709** — **06-10-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് വർധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ നിയോജകമണ്ഡലങ്ങളിലുമായി, CAPEX മാതൃകയിൽ എംഎൽഎ ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുതവാഹനങ്ങളുടെ ചാർജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെഎസ്ഇബിഎൽ തയ്യാറാക്കിയിട്ടുണ്ട്. അതിൽ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥല ലഭ്യത, ബഡ്ജറ്റ് ഉൾപ്പെടെ സ്ഥാപിക്കാനുള്ള വിശദമായ കരട് രേഖ ഉണ്ടാക്കുകയും, പ്രസ്തുത എംഎൽഎ യുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെഎസ്ഇബിഎൽ-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന മോട്ടാർ വാഹന വകുപ്പും അനെർട്ടും സംയുക്തമായി 30kW ശേഷിയുള്ള 7 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. 18 ഇടങ്ങളിൽ പദ്ധതികൾ പുരോഗമിച്ചു വരുന്നു. ഇതിന് പുറമെ സ്വകാര്യ സംരംഭകരും ധാരാളം ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് |
| (ബി) | കെ. എസ്. ഇ. ബി. ക്ക് കീഴിൽ നിലവിൽ സംസ്ഥാനത്ത് എത്ര ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>കേരളത്തിൽ കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്<br><br>ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർത്തിരിക്കുന്നു: |

| District wise charging Stations installed by KSEBL | | | |
|---|---|---|---|
| Sl No. | District | Pole Mounted Charging | Fast Charging Stations |

| | | Stations | |
|---|---|---|---|
| 1 | Thiruvananthapuram | 145 | 5 |
| 2 | Kollam | 94 | 5 |
| 3 | Alappuzha | 55 | 1 |
| 4 | Pathanamthitta | 33 | 3 |
| 5 | Kottayam | 51 | 3 |
| 6 | Idukki | 37 | 3 |
| 7 | Ernakulam | 136 | 10 |
| 8 | Thrissur | 102 | 11 |
| 9 | Palakkad | 88 | 5 |
| 10 | Malappuram | 119 | 3 |
| 11 | Kozhikode | 158 | 8 |
| 12 | Wayanad | 25 | 2 |
| 13 | Kannur | 89 | 3 |
| 14 | Kasargod | 37 | 1 |
| | **Total** | **1169** | **63** |

സെക്ഷൻ ഓഫീസർ